**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4757** **20-07-2022 - ൽ മറുപടിയ്ക്ക്**

**പൊതുമരാമത്ത് റോഡുകളിൽ സ്ഥാപിക്കുന്ന ഇലക്ട്രിക് പോസ്റ്റുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എൻ. ജയരാജ് | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | പൊതുമരാമത്ത് റോഡുകളിൽ ഇലക്ട്രിക് പോസ്റ്റുകൾ സ്ഥാപിക്കുന്നതിന് പൊതുമരാമത്ത് വകുപ്പിന്റെ അനുമതി ആവശ്യമുണ്ടോ; ഇല്ലെങ്കിൽ ഏത് ചട്ടപ്രകാരമെന്ന് അറിയിക്കാമോ; | (എ) | പൊതുമരാമത്ത് നിരത്തു വിഭാഗത്തിനു കീഴിൽ റോഡുകളിൽ ഇലക്ട്രിക് പോസ്റ്റുകൾ സ്ഥാപിക്കുന്നതിന് 05/01/2018ലെ GO(Rt) No. 30/2018/PWD നമ്പർ സർക്കാർ ഉത്തരവ് പ്രകാരം പൊതുമരാമത്ത് വകുപ്പിന്റെ അനുമതി ആവശ്യമാണ്. പൊതുമരാമത്ത് വകുപ്പിന്റെ മേൽ നോട്ടത്തിലല്ലാതെ സ്ഥാപിക്കുന്ന പോസ്റ്ററുകൾ ഭാവിയിൽ റോഡ് വികസനത്തിന്റെ ഭാഗമായി മാറ്റി സ്ഥാപിക്കേണ്ടി വരുമ്പോൾ ഉണ്ടാകുന്ന ചെലവ് പൊതുമരാമത്ത് വകുപ്പ് വഹിക്കണമെന്ന് വ്യവസ്ഥയില്ല. മേൽ ഉത്തരവിലെ 16, 21 ഖണ്ഡികകൾ പ്രകാരം റോഡ് വികസന പ്രവർത്തനങ്ങളുടെ ഭാഗമായുള്ള പ്രവർത്തികൾ നടത്തുമ്പോൾ KSEB യുടെ പ്രതിഷ്ഠാപനങ്ങൾ മാറ്റി സ്ഥാപിക്കുന്നത് KSEBയുടെ സ്വന്തം ചെലവിൽ നടത്തേണ്ടതാണ്.<br><br>ദേശീയപാത വിഭാഗത്തിനു കീഴിൽ കേരള ഹൈവേ പ്രൊട്ടക്ഷൻ ആക്ട് 1999 Chapter VI. Clause 26 പ്രകാരം ഏതെങ്കിലും വ്യക്തിയോ ഏജൻസിയോ ഇത്തരത്തിലുള്ള പ്രവർത്തികൾ റോഡിൽ നടത്തുന്നതിന് ഹൈവേ അതോറിറ്റിയുടെ മുൻകൂർ അനുമതി വാങ്ങേണ്ടതുണ്ട്. ബന്ധപ്പെട്ട ഹൈവേ അതോറിറ്റി ഇത്തരത്തിൽ അനുമതി നൽകുമ്പോൾ ആവശ്യമായ നിബന്ധനകൾ നിഷ്കർഷിക്കാമെന്നും ബാധകമായ ഫീസ് ചുമത്താമെന്നും പ്രസ്തുത ക്ലോസിൽ നിർദ്ദേശിക്കുന്നുണ്ട്. ഹൈവേ അതോറിറ്റിയുടെ അനുമതി കൂടാതെ ഇത്തരം പ്രവർത്തികൾ ഹൈവേയുടെ ഭൂമിയിൽ നടത്തുന്നത് കയ്യേറ്റമായി പരിഗണിക്കണമെന്ന് മേൽപ്പറഞ്ഞ ആക്ട് Chapter I, Clause 2(f) ൽ നിഷ്കർഷിക്കുന്നുണ്ട്. |
| (ബി) | പൊതുമരാമത്ത് വകുപ്പിന്റെ മേൽനോട്ടത്തിലല്ലാതെ | (ബി) | പൊതുമരാമത്ത് നിരത്തു വിഭാഗത്തിനു കീഴിൽ |

| | | | |
|---|---|---|---|
| | സ്ഥാപിക്കുന്ന പോസ്റ്റുകൾ ഭാവിയിൽ റോഡ് വികസനത്തിന്റെ ഭാഗമായി മാറ്റി സ്ഥാപിക്കേണ്ടിവരുമ്പോൾ ഉണ്ടാകുന്ന ചെലവ് പൊതുമരാമത്ത് വകുപ്പ് വഹിക്കണമെന്ന് വ്യവസ്ഥയുണ്ടോ; എങ്കിൽ ഏത് ചട്ടപ്രകാരമെന്ന് അറിയിക്കാമോ; | | റോഡുകളിൽ ഇലക്ട്രിക് പോസ്റ്റുകൾ സ്ഥാപിക്കുന്നതിന് 05/01/2018ലെ GO(Rt) No. 30/2018/PWD നമ്പർ സർക്കാർ ഉത്തരവ് പ്രകാരം പൊതുമരാമത്ത് വകുപ്പിന്റെ അനുമതി ആവശ്യമാണ്. പൊതുമരാമത്ത് വകുപ്പിന്റെ മേൽ നോട്ടത്തിലല്ലാതെ സ്ഥാപിക്കുന്ന പോസ്ററുകൾ ഭാവിയിൽ റോഡ് വികസനത്തിന്റെ ഭാഗമായി മാറ്റി സ്ഥാപിക്കേണ്ടി വരുമ്പോൾ ഉണ്ടാകുന്ന ചെലവ് പൊതുമരാമത്ത് വകുപ്പ് വഹിക്കണമെന്ന് വ്യവസ്ഥയില്ല. മേൽ ഉത്തരവിലെ 16, 21 ഖണ്ഡികകൾ പ്രകാരം റോഡ് വികസന പ്രവർത്തനങ്ങളുടെ ഭാഗമായുള്ള പ്രവർത്തികൾ നടത്തുമ്പോൾ KSEB യുടെ പ്രതിഷ്ഠാപനങ്ങൾ മാറ്റി സ്ഥാപിക്കുന്നത് KSEBയുടെ സ്വന്തം ചെലവിൽ നടത്തേണ്ടതാണ്.<br><br>ദേശീയപാത വിഭാഗത്തിനു കീഴിൽ കേരള ഹൈവേ പ്രൊട്ടക്ഷൻ ആക്ട് 1999 Chapter VI. Clause 26 പ്രകാരം ഏതെങ്കിലും വ്യക്തിയോ ഏജൻസിയോ ഇത്തരത്തിലുള്ള പ്രവർത്തികൾ റോഡിൽ നടത്തുന്നതിന് ഹൈവേ അതോറിറ്റിയുടെ മുൻകൂർ അനുമതി വാങ്ങേണ്ടതുണ്ട്. ബന്ധപ്പെട്ട ഹൈവേ അതോറിറ്റി ഇത്തരത്തിൽ അനുമതി നൽകുമ്പോൾ ആവശ്യമായ നിബന്ധനകൾ നിഷ്കർഷിക്കാമെന്നും ബാധകമായ ഫീസ് ചുമത്താമെന്നും പ്രസ്തുത ക്ലോസിൽ നിർദ്ദേശിക്കുന്നുണ്ട്. ഹൈവേ അതോറിറ്റിയുടെ അനുമതി കൂടാതെ ഇത്തരം പ്രവർത്തികൾ ഹൈവേയുടെ ഭൂമിയിൽ നടത്തുന്നത് കയ്യേറ്റമായി പരിഗണിക്കണമെന്ന് മേൽപ്പറഞ്ഞ ആക്ട് Chapter I, Clause 2(f) ൽ നിഷ്കർഷിക്കുന്നുണ്ട്. |
| (സി) | പൊതുമരാമത്ത് റോഡ് വികസനത്തിനായി പോസ്റ്റുകൾ മാറ്റി സ്ഥാപിക്കേണ്ടി വരുമ്പോഴുണ്ടാകുന്ന ചെലവ് ഇലക്ട്രിസിറ്റി ബോർഡിൽ നിന്ന് ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കാമോ? | (സി) | നടപടികൾ സ്വീകരിക്കുന്നുണ്ട്. റോഡ് പ്രവർത്തികൾക്ക് തടസ്സം സൃഷ്ടിക്കുന്ന ഇലക്ട്രിക് പോസ്റ്റുകളും മറ്റും മാറ്റി സ്ഥാപിക്കുന്നതിന് KSEB Managing Director-ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. നിലവിലുള്ള പഴയ പോസ്റ്റുകൾ റോഡ് വികസനത്തിനായി മാറ്റി സ്ഥാപിക്കേണ്ടി വരുമ്പോൾ പ്രവൃത്തിയുടെ നടത്തിപ്പിന് കാലതാമസം ഒഴിവാക്കുന്നതിനായി പ്രസ്തുത ഇലക്ട്രിക് പോസ്റ്റ് മാറ്റുന്നതിനായി എസ്റ്റിമേറ്റിൽ തുക വകയിരുത്താറുണ്ട്. |

സെക്ഷൻ ഓഫീസർ